മാർജിൻമണി ലോൺ വൺടൈം സെറ്റിൽമെന്റ് മുഖേന ഗുണം ലഭിച്ച ചെറുകിട വ്യവസായങ്ങൾ

16 [1155] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ കെ. എൻ. എ. ഖാദർ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർജിൻമണി ലോൺ വൺടൈം സെറ്റിൽമെന്റ് മുഖേന എത്ര ചെറുകിട വ്യവസായങ്ങൾക്ക് ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി ഗവൺമെന്റിന് എന്തു ഫണ്ട് ചെലവായി;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) 31-12-2003 വരെ നിലവിലുണ്ടായിരുന്ന ഈ സ്കീമിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം

17 [1156] ശ്രീ. യു. സി. രാമൻ:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര രൂപയാണ് സാമ്പത്തിക സഹായമായി നൽകിയത്;

(ബി) ഓരോ യൂണിറ്റിനും എന്തു തുക വീതമാണ് ലഭിച്ചത്;

(സി) സഹകരണ സ്പിന്നിംഗ് മിൽസിന് എത്ര രൂപ നൽകി എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 2001-04 കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓഹരി, ഗ്രാന്റ്, വായ്പ എന്നീ ഇനങ്ങളിൽ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly